"ഭരണഭാഷ - മാതൃഭാഷ"


"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"

www.keralaprisons.gov.in

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

സെൻട്രൽ പ്രിസൺ &
കറക്ഷണൽ ഹോം
പൂജപ്പുര, തിരുവനന്തപുരം-12
Phone: 0471-2342138

cp.tvpm.prisons@kerala.gov.in


നം. KPCS/CPCH/TVPM/505/2026-D1 തീയതി: 19.08.2026

## ദർഘാസ് പരസ്യം

വിഷയം: സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം - 2026 ഓണം വാരാഘോഷത്തോടനുബന്ധിച്ചുള്ള സമാപന ഘോഷയാത്രയിൽ വകുപ്പിന്റെ ഫ്ളോട്ട് നിർമ്മിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന : ജയിൽ ആസ്ഥാനകാര്യാലയത്തിലെ 13.08.2026 തീയതിയിലെ KPCS/4046/2026-G1 എന്ന നമ്പർ ഉത്തരവ്.

2026 ഓണം വാരാഘോഷത്തോടനുബന്ധിച്ചുള്ള സമാപന ഘോഷയാത്രയിൽ വകുപ്പിന്റെ ഫ്ളോട്ട് നിർമ്മിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

**ഫ്ളോട്ട് നിർമ്മിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ ചുവടെ ചേർക്കുന്നു.**

- സ്ഥാപനം നിർദ്ദേശിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി ചലനാത്മകമോ, നിശ്ചലമോ ആയ ദൃശ്യങ്ങൾ ഫ്ലോട്ടിൽ അവതരിപ്പിക്കുക.
- ആശയങ്ങൾ ഒറ്റനോട്ടത്തിൽത്തന്നെ കാണികളിലേക്ക് സംവേദനം ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കും വിധം വേണം ഫ്ലോട്ടുകൾ തയ്യാറാക്കേണ്ടത്.
- ഫ്ലോട്ടിന്റെ നീളം 20 അടി, വീതി 10 അടി, റോഡിൽ നിന്നുള്ള ഉയരം 16 അടി, എന്ന ക്രമത്തിൽ കവിയരുത്.
- അപകടകരമായ വസ്തുക്കൾ, സ്ഫോടകവസ്തുക്കൾ എന്നിവ ഫ്ലോട്ടുകളിൽ ഉപയോഗിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്.
- ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരിക്കണം ഫ്ലോട്ടുകൾ നിർമ്മിക്കേണ്ടത്.
- ഫ്ലോട്ടിന്റെ ഇടത് വശത്തായി രണ്ടു സ്ഥലങ്ങളിൽ ജഡ്ജസിനു കാണത്തക്ക വിധത്തിൽ അനുവദിച്ചുനല്കിയിട്ടുള്ള നമ്പർ പ്രദർശിപ്പിക്കണം.

**നിർദ്ദേശങ്ങൾ**

1. മുദ്രവെച്ച ദർഘാസുകൾ അടങ്ങിയ കവറിനു പുറത്ത് പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന ദർഘാസിന്റെ പേര് എഴുതി സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

2. ദർഘാസിൻറെഅടങ്കൽ തുക 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ)
3. ദർഘാസുകൾ, നിരതദ്രവ്യം സഹിതം സമർപ്പിക്കേണ്ട അവസാന തീയതി 22.08.2026 ശനിയാഴ്ച പകൽ 11 മണിക്കാണ്. ദർഘാസുകൾ സമർപ്പിച്ചവരുടെയോ അല്ലെങ്കിൽ അവരുടെ പ്രതിനിധികളുടേയോ സാന്നിധ്യത്തിൽ അന്നേ ദിവസം 2 മണിക്ക് ടെൻഡറുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും. താമസിച്ച് ലഭിക്കുന്ന ടെൻഡറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
4. ടെൻഡർ നിരക്ക് (വില സ്ഥിരത) 31.08.2026 തീയതി വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.
5. കേരള സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് അല്ലെങ്കിൽ ന്യൂഡൽഹി നാഷണൽ സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇഎംഡി ബിഡ്കർമാരുടെ പേയ്മെന്റിൽ നിന്നുള്ള ഇളവ് (ടെൻഡർ ചെയ്ത ഇനത്തിന്) ഇഎംഡി സമർപ്പിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ഇളവ് അവകാശപ്പെടുന്ന ലേലക്കാർ SPD, കേരള അല്ലെങ്കിൽ NSSIC, ന്യൂഡൽഹിയിൽ നിന്നുള്ള സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കണം.
6. തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം CP 1 DS (G) സെക്ഷനിൽ (ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ)) എല്ലാ പ്രവർത്തി ദിവസവങ്ങളിൽ രൊക്കം പണമടച്ചാൽ ദർഘാസ് ഫോറം ലഭിക്കുന്നതാണ്.
7. അടങ്കൽ തുക 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ).
8. നിരതദ്രവ്യം - 5000/- രൂപ (അയ്യായിരം രൂപ മാത്രം).
9. ടെൻഡർ ഫോറത്തിൻറെ വില (അസ്സൽ) - 1200/- രൂപ (18% ജി.എസ്.ടി ഉൾപ്പെടെ)
10. ഡ്യൂപ്ലിക്കേറ്റ് ടെൻഡർ ഫോറത്തിൻറെ വില - 600/- (18% ജി.എസ്.ടി ഉൾപ്പെടെ)

മുദ്ര വച്ച ദർഘാസിനൊപ്പം സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ പേരിൽ എടുത്ത 5000/- രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ഉള്ളടക്കം ചെയ്യേണ്ടതാണ്. ദർഘാസ് ഫോറത്തിന് നൽകുന്ന വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഫോറങ്ങൾ കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോറത്തിൻറെ വിൽപ്പന 22.08.2026 വെള്ളിയാഴ്ച രാവിലെ 9.00 മണിയ്ക്ക് അവസാനിക്കുന്നതാണ്.

ദർഘാസ് ഫോറം വി പി പി യായി അയക്കുകയോ ചെക്ക്/പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ഫോറത്തിൻറെ വിലയായി സ്വീകരിക്കുകയോ ചെയ്യുന്നതല്ല. ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അവർകളുടെ ഉത്തരവിന് വിധേയമായി ടെൻഡറിൽ പങ്കെടുക്കുന്നവരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെയോ/വ്യക്തിയുടെയോ ടെൻഡർ സ്ഥിരപ്പെടുത്തുന്നതായിരിക്കും. യാതൊരു കാരണവും കൂടാതെ ടെൻഡർ നിരസിക്കുന്നതിനുള്ള അധികാരം തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

ടെൻഡറിനെ സംബന്ധിച്ച് വിവരങ്ങൾ ഓഫീസ് പ്രവർത്തി സമയത്ത് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് ആഫീസിൽ ബന്ധപ്പെട്ടാൽ അറിയാവുന്നതാണ്.

CENTRAL PRISON AND CORRECTIONAL HOME

**BINODU GEORGE**
**SUPERINTENDENT**